സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 15/09/2021
Email - swdkerala@gmail.com
Phone - 0471 - 2306040

## വിജ്ഞാപനം

### സാമൂഹ്യ നീതി വകുപ്പ് സംസ്ഥാന ഭിന്നശേഷി അവാർഡ് 2021 അപേക്ഷ ക്ഷണിക്കുന്നു.

ഭിന്നശേഷിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ നൈപുണ്യം തെളിയിച്ച വ്യക്തികൾ /സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമൂഹ്യ നീതി വകുപ്പ് നൽകി വരുന്ന സംസ്ഥാന ഭിന്നശേഷി അവാർഡ് 2021 ന് നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട 19 വിഭാഗങ്ങളിലായാണ് അപേക്ഷ ക്ഷണിക്കുന്നത്. അവാർഡ് സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ അപേക്ഷ ഉൾപ്പെടെ സാമൂഹ്യ നീതി വകുപ്പിന്റെ വെബ് സൈറ്റായ **swd.kerala.gov.in** -ലും, ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിലും ലഭ്യമാണ്.

ഭിന്നശേഷി മേഖലയിലെ ചുവടെ പറയുന്ന 19 വിഭാഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു:

1. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മികച്ച ജീവനക്കാരൻ (ഗവ/പബ്ലിക് സെക്ടർ)
2. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മികച്ച ജീവനക്കാരൻ( പ്രൈവറ്റ് സെക്ടർ)
3. സ്വകാര്യ മേഖലയിൽ ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ ലഭ്യമാക്കിയ തൊഴിൽ ദായകൻ
4. ഭിന്നശേഷി മേഖലിയിൽ പ്രവർത്തിക്കുന്ന മികച്ച NGO/സ്ഥാപനങ്ങൾ
5. മാതൃകാ വ്യക്തി (ഭിന്നശേഷിക്കാർ)
6. മികച്ച സർഗ്ഗാത്മക കഴിവുള്ള കുട്ടി ( ഭിന്നശേഷി വിഭാഗം)
7. മികച്ച കായികതാരം ( ഭിന്നശേഷി വിഭാഗം)
8. ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾക്ക് അർഹരായിട്ടുള്ളവർ (ഭിന്നശേഷി വിഭാഗം)
9. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ച വച്ച ജില്ലാ ഭരണകൂടം
10. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ച വച്ച മുനിസിപ്പൽ

കോർപ്പറേഷൻ.

11. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ച വച്ച മുനിസിപ്പാലിറ്റി

12. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ച വച്ച ബ്ലോക്ക് പഞ്ചായത്ത്.

13. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ച വച്ച ഗ്രാമ പഞ്ചായത്ത്.

14. NGO കൾ നടത്തിവരുന്ന ഭിന്നശേഷി മേഖലയിലെ മികച്ച പുനരധിവാസകേന്ദ്രം.

15. സാമൂഹ്യ നീതി വകുപ്പിനു കീഴിലെ മികച്ച ഭിന്നശേഷി ക്ഷേമസ്ഥാപനം.

16. ഭിന്നശേഷി സൗഹൃദ സ്ഥാപനം (ഗവ /പ്രൈവറ്റ്)

17. സംസ്ഥാന സർക്കാർ വകുപ്പുകളുടെ മികച്ച ഭിന്നശേഷി സൗഹൃദ വെബ് സൈറ്റ്.

18. ഭിന്നശേഷി സൗഹൃദ റിക്രിയേഷൻ സെന്ററുകൾ (സ്കൂൾ/ഓഫീസ്/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ)

19. ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായകരമാകുന്ന പുതിയ പദ്ധതികൾ/ ഗവേഷണങ്ങൾ/സംരംഭങ്ങൾ)

കാറ്റഗറി 1 മുതൽ 8 വരേയും, 13 മുതൽ 16 വരെയുള്ള അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർ മുമ്പാകെ സെപ്റ്റംബർ 30 തീയതിക്കകം അതാതു വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. കാറ്റഗറി 9 മുതൽ 12 വരേയും, 17 മുതൽ 19 വരെയുള്ള അപേക്ഷകൾ സാമൂഹ്യ നീതി ഡയറക്ടർക്ക് 2021 സെപ്റ്റംബർ 30 തീയതിക്കകം സമർപ്പിക്കേണ്ടതാണ്.

മുൻ വർഷങ്ങളിൽ അവാർഡിനർഹരായ വ്യക്തികൾ/സ്ഥാപനങ്ങൾ വീണ്ടും അപേക്ഷിക്കാൻ പാടുള്ളതല്ല. ഒരു സ്ഥാപനത്തിലെ മൊത്തം ജീവനക്കാരിൽ രണ്ടോ അതിലധികമോ ശതമാനം ജീവനക്കാർ ഭിന്നശേഷിക്കാരാണെങ്കിൽ മാത്രമേ സ്ഥാപനങ്ങൾക്ക് തൊഴിൽദായകർക്കുള്ള (sl.no.3) അവാർഡിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും ചേർന്നതാണ് അവാർഡ്. നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷ, അപേക്ഷകന്റെ ഔദ്യോഗിക രംഗത്തെ പ്രവർത്തനം, മറ്റ് പ്രവർത്തന മണ്ഡലങ്ങളെ സംബന്ധിച്ച വിവരങ്ങൾ /കഴിവുകൾ വ്യക്തമാക്കുന്നതിനുള്ള വിവരങ്ങൾ എന്നിവ (സി.ഡി യിലും), വൈകല്യം തെളിയിക്കുന്നതിനുള്ള രേഖകൾ, ഫോട്ടോ- പാസ്പോർട്ട് & ഫുൾ സൈസ്, സഹിതം 2021 സെപ്റ്റംബർ 30 ന് മുൻപ് അതാത് ജില്ലാ സാമൂഹ്യ നീതി ആഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ അപേക്ഷയിൽ ആയതിന്റെ പ്രവർത്തനങ്ങളും ഫോട്ടോയും സിഡിയും ഉൾപ്പെടുത്തി പൂരിപ്പിച്ച അപേക്ഷാ ഫോറം ഡോക്യുമെന്റേഷൻ എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

PREETHY WILSON
Assistant Director
Directorate of Social Justice
Vikas Bhavan, Thiruvananthapuram-33